LIBRARY ARCHIVES Kerala Legislative Assembly

വെട്ടിയാർ കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ

55 [60] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ വെട്ടിയാർ കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) എന്നത്തേക്ക് ഈ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി ആന്റ് സി) 6-1-2005-ൽ പുറപ്പെടുവിച്ച സ.ഉ.(സാധാ) 58/2005/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പുതിയതായി ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാലിസ്റ്റ് പുനഃക്രമീകരിയ്ക്കുകയുണ്ടായി. പുതുക്കിയ മുൻഗണനാലിസ്റ്റിൽ 56-ാം നമ്പർ ആയിട്ടാണ് വെട്ടിയാർ ഉൾപ്പെടുത്തിയിരിക്കുന്നത്. മുൻഗണനാക്രമമനുസരിച്ച് പോലീസ് സ്റ്റേഷനുകൾ ആരംഭിക്കേണ്ട പ്രൊപ്പോസലുകൾ സമർപ്പിയ്ക്കുവാനും ഡി.ജി.പി.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിയ്ക്കുന്ന മുറയ്ക്ക് വെട്ടിയാറിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതാണ്.

കോഴിക്കോട് ജില്ലയിലെ പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധിയിൽ മാറ്റം

56 [61] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, അത്തോളി, എലത്തൂർ പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധിയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച എന്തെങ്കിലും നടപടികൾ പരിഗണിച്ചിട്ടുണ്ടോ;

(ബി) കോഴിക്കോട് താലൂക്കിൽപ്പെട്ട തലക്കളത്തൂർ പഞ്ചായത്തിലെ ഏതെങ്കിലും വാർഡുകൾ കൊയിലാണ്ടി താലൂക്കിലുള്ള അത്തോളി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി പോലീസ് സ്റ്റേഷന്റെ അധികാര പരിധിയിൽ മാറ്റം വരുത്തുന്നതു സംബന്ധിച്ച് ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

(ബി) തലകുളത്തൂർ പഞ്ചായത്തിലെ ഏഴ്, എട്ട് എന്നീ വാർഡുകൾ അത്തോളി പോലീസ് സ്റ്റേഷൻ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൃഷ്ണപുരത്ത് പുതിയ പോലീസ് സ്റ്റേഷൻ

57 [62] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പോലീസ് സ്റ്റേഷന് വർദ്ധിച്ച ജോലി ഭാരം ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം കണക്കിലെടുത്ത് കൃഷ്ണപുരം, ദേവികുളങ്ങര പഞ്ചായത്തുകൾ ചേർത്ത് കൃഷ്ണപുരത്ത് പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

ചാത്തന്നൂർ ഡി.വൈ.എസ്.പി. ഓഫീസ്

58 [63] ശ്രീ. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ ആസ്ഥാനമായി ഡി. വൈ. എസ്സ്. പി. ആഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് നടപടികൾ ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

കൊല്ലം പോലീസ് സബ് ഡിവിഷനിൽ നിലവിലുള്ള സർക്കിൾ ഓഫീസുകളും പോലീസ് സ്റ്റേഷനുകളും കണക്കിലെടുക്കുകയും ചാത്തന്നൂർ ഭാഗത്തെ നിയമ വ്യവസ്ഥയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുകയും ചെയ്തപ്പോൾ ചാത്തന്നൂരിൽ പുതിയ സബ് ഡിവിഷൻ ആരംഭിക്കുന്നതിന് മതിയായ ആവശ്യകത കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly